**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1867 | 10.03.2020 ൽ മറുപടിക്ക്

## സി. എച്ച്.സി. കളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സി. എച്ച്.സി.കളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിവരം നൽകുമോ; | (എ)<br>&<br>(ബി) | ആരോഗ്യവകുപ്പിലെ 1961 ലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി വിഭാഗം കിടക്കളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961 ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിന് ശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാവിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008 ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നല്കി വരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തിക സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തിവരികയാണ്. |
| (ബി) | ഇതുസംബന്ധിച്ച നിലവിലെ ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | | |

Hari

സെക്ഷൻ ഓഫീസർ